©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2025 ആഗസ്റ്റ് 07<br>07th August 2025<br>1200 കർക്കടകം 22<br>22nd Karkadakam 1200<br>1947 ശ്രാവണം 16<br>16th Sravana 1947 | നമ്പർ<br>No. **2897** |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:21/2025/സം.തി.ക    തിരുവനന്തപുരം, 2025 ആഗസ്റ്റ് 07

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2025-ൽ പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ട ആവശ്യത്തിലേക്കായി മുഴുവൻ ഗ്രാമപഞ്ചായത്തുകളിലെയും, മുനിസിപ്പൽ കൗൺസിലുകളിലെയും, മുനിസിപ്പൽ കോർപ്പറേഷനുകളിലെയും എല്ലാ നിയോജകമണ്ഡലങ്ങളിലെയും വോട്ടർ പട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ച്, അതിൻപ്രകാരം കരട് വോട്ടർ പട്ടിക 23.07.2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബുധൻ) തീയതി പ്രസിദ്ധീകരിച്ച് അപേക്ഷകളും ആക്ഷേപങ്ങളും 07.08.2025 (വ്യാഴം) തീയതി വരെ സ്വീകരിക്കുന്നതിന് 19.07.2025-ലെ ബി2/101/2025/സം.തി.ക നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അതനുസരിച്ച്, കരട് വോട്ടർ പട്ടികയിന്മേൽ അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 10, 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം അപേക്ഷകളും ആക്ഷേപങ്ങളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 12.08.2025 (ചൊവ്വ) വരെ ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**എ.ഷാജഹാൻ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.07 02:26:15 +05:30